"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യൂക്കേഷൻ മിഷൻ ഓഫീസിന്റെ കീഴിൽ നിയമിതരായ 4 ജില്ലാ കോ-ഓർഡിനേറ്റർമാരുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.4892/2022/GEDN തീയതി,തിരുവനന്തപുരം, 17-08-2022

---

പരാമർശം:-

1. 26/06/2018 തീയതിയിലെ സ.ഉ(സാ.ധാ)നം.2394/2018/പൊ.വി.വ നമ്പർ ഉത്തരവ്.
2. 25/09/2019 തീയതിയിലെസ.ഉ(സാ.ധാ)നം.3810/2019/പൊ.വി.വ നമ്പർ ഉത്തരവ്.
3. 12/08/2020 തീയതിയിലെ സ.ഉ(സാ.ധാ)നം.2412/2020/പൊ.വി.വ നമ്പർ ഉത്തരവ്.
4. 12/07/2021 തീയതിയിലെസ.ഉ(സാ.ധാ)നം.3349/2021/പൊ.വി.വ നമ്പർ ഉത്തരവ്.
5. വിദ്യാകിരണം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20/06/2022 ലെ 96/2019/KEM നമ്പർ കത്ത്

<u>ഉത്തരവ്</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പതിനാല് ജില്ലാ കോ-ഓർഡിനേറ്റർമാരെ 1 വർഷത്തേക്ക് (2019 വരെ) പരാമർശം (1) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ആയതിന് ശേഷം പരാമർശം (2) പ്രകാരം 2019-20 കാലയളവിലേക്കും പരാമർശം (3) പ്രകാരം ഒരു വർഷത്തേയ്ക്ക് (2021-2022) അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവായിരുന്നു . ആയതിനു ശേഷം 10 ജില്ലാ കോ-ഓർഡിനേറ്റർമാരുടെ സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിൽപ്പെട്ട പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ കോർഡിനേറ്റർമാർ വിദ്യാകിരണം ഓഫീസിൽ നിന്നും വിടുതൽ ചെയ്യുകയുണ്ടായി എന്നും തിരുവനന്തപുരം ജില്ലാ കോർഡിനേറ്ററിന് സമഗ്രശിക്ഷാ കേരളയിൽ നിയമനം ലഭിച്ച സാഹചര്യത്തിൽ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കേണ്ടി വരില്ല എന്നും ആലപ്പുഴ,പാലക്കാട്,മലപ്പുറം,കാസർഗോഡ് എന്നീ ജില്ലകളിലെ കോ-ഓർഡിനേറ്റർമാരുടെ അന്യത്ര സേവന കാലാവധി 2022 ജൂൺ, ജൂലൈ മാസത്തോടെ

അവസാനിക്കുന്നതിനാൽ ടിയാളുകളുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ട് വിദ്യാകിരണം ചീഫ് എക്സിക്യൂട്ടീവ് ആഫീസർ പരാമർശം (5) പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ജില്ലാ കോ ഓർഡിനേറ്റർമാർക്ക് അനുവദിച്ച അന്യത്ര സേവന കാലാവധി ചുവടെ ചേർക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് കെ.എസ്.ആർ ഭാഗം 1 ലെ അന്യത്ര സേവന വ്യവസ്ഥയുടെ ചട്ടങ്ങൾക്ക് വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു .

| ക്രമനമ്പർ | പേര്, ജില്ല | തീയതി |
|---|---|---|
| 1 | ശ്രീ.എ.കെ.പ്രസന്നൻ,ആലപ്പുഴ (എച്ച് .എസ്.എ ഹിന്ദി ) | 01/08/2022 |
| 2 | ശ്രീ.ടി.ജയപ്രകാശ്, പാലക്കാട് (എച്ച് .എസ്.എ സോഷ്യൽ സയൻസ് ) | 18/07/2022 |
| 3 | ശ്രീ.എം.മണി, മലപ്പുറം (എച്ച് .എസ്.എ മലയാളം ) | 01/07/2022 |
| 4 | ശ്രീ.പി.ദിലീപ് കുമാർ, കാസർഗോഡ് (എച്ച് .എസ്.എ മലയാളം ) | 01/07/2022 |

അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റലവൻസുകളും കൈപ്പറ്റുന്നതിൽ നിന്ന് വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്രസേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെൻറിനോ കണക്കാക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിദ്യാകിരണം , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.കെ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വിദ്യാകിരണം, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ / റീജിയണൽ ഡയറക്ടർമാർ (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ധനകാര്യ വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,കൈറ്റ് (വിദ്യാഭ്യാസ വകുപ്പിന്റെ Website -ൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Namitha T**

**Date: 17-08-2022 13:07:25**

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്